**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3618** **27-06-2024 - ൽ മറുപടിയ്ക്ക്**

**മൂന്നാർ ഗവ. ആർട്സ് കോളേജ് പുനർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാർ ഗവണ്മെന്റ് ആർട്സ് കോളേജ് പുനർ നിർമ്മാണം സംബന്ധിച്ച വിശദാംശം നൽകാമോ ; | (എ) | മൂന്നാർ സർക്കാർ ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിക്കുന്ന DTPC യുടെ ബജറ്റ് ഹോട്ടലും, എഞ്ചിനീയറിംഗ് കോളേജിന്റെ ഗ്രൗണ്ട് ഉൾപ്പെടെ ഭൂമിയും, അതിനോട് ചേർന്ന റവന്യൂ ലാന്റും, എഞ്ചിനീയറിംഗ് കോളേജിന്റെ പഴയ ബോയ്സ് ഹോസ്റ്റലിനു സമീപമുള്ള സ്ഥലവുമാണ് കോളേജ് നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളത്. ടി സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭൂമി അനുയോജ്യമാണോ എന്ന് കണ്ടെത്തുന്നതിനു വേണ്ടിയുള്ള മണ്ണു പരിശോധന തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് നടത്തിയിട്ടുണ്ട്. മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ ബോയ്സ് ഹോസ്റ്റലിനു സമീപം സർവ്വേ നടത്തിയ സ്ഥലമൊഴിച്ച് ബാക്കി സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിലും പരിശോധന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി നിർമ്മാണം നടത്തുന്നതിൽ കുഴപ്പമില്ലെന്ന് മണ്ണ് പരിശോധനയ്ക്ക് നേതൃത്വം നൽകിയവരിൽ നിന്നും അറിയുവാൻ സാധിച്ചു. പദ്ധതി പ്രദേശങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും കൈമാറി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കോളേജ് കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ? | (സി) | പരിസ്ഥിതിലോല പ്രദേശമായതിനാൽ തന്നെ കെട്ടിട നിർമ്മിതിക്കുള്ള അനുയോജ്യമായ ഭൂമിയുടെ ലഭ്യത, പ്രായോഗികത ഉറപ്പു വരുത്തുന്നതിന് നടത്തിയ സമഗ്രമായ പഠനങ്ങൾ എന്നിവ പ്രസ്തുത നടപടിക്രമങ്ങൾക്ക് കാലതാമസത്തിനു ഇടയാക്കിയിട്ടുണ്ട്. നിലവിൽ കണ്ടെത്തിയ ഭൂമി |

| | | | |
|---|---|---|---|
| | | | വകുപ്പിന് ലഭ്യമായാൽ താമസംവിനാ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ